Talented Bankers Literary Panel
പുസ്തകപരിചയം 215

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

കാവൽക്കാരി 📙
ആനി വള്ളിക്കാപ്പൻ ✍️

പുസ്തകത്തിന്റെ എഴുത്തുകാരി ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ചൊരു ബുക്ക് പ്രൊമോഷൻ വീഡിയോയിലൂടെയാണ് കോട്ടയം ജില്ലയിലെ മാർമല എന്ന സ്ഥലത്തെ കുറിച്ച് ആദ്യമായി ഞാൻ കേൾക്കുന്നത്. തന്റെ പുസ്തകങ്ങളെ കുറിച്ചും പുസ്തകശേഖരത്തെ കുറിച്ചും വിവരിക്കുന്ന ആ വീഡിയോയിൽ, എന്റെ ശ്രദ്ധ പിടിച്ചുപറ്റിയത് ചുറ്റിനും മരങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്ന, മാർമ്മലഹിൽസിലെ ആ മനോഹരമായ വീട്ടുമുറ്റമായിരുന്നു. അശോകമരം പൂത്ത് നിൽക്കുന്ന, ചരൽ പാകിയ വീട്ടുമുറ്റം. ചീവിടിന്റെ കരച്ചിലും, ദൂരെയെങ്ങോ പതിയെ ഒഴുകുന്ന കാട്ടരുവിയുടെ ശബ്ദവും വ്യക്തമായി കേൾക്കാം. ഒറ്റനോട്ടത്തിലൊരു പുരാതന മലയോര ക്രൈസ്തവ ഭവനം. വീട്ടിനുള്ളിൽ നന്നായി സൂക്ഷിച്ചു പോരുന്നൊരു ഹോം ലൈബ്രറി. താൻ എഴുതിയ കഥകളിൽ ആ വീടും വീട്ടുകാരും മാർമലയും ഒക്കെയുണ്ട് എന്ന് എഴുത്തുകാരി ആ വീഡിയോയിൽ പറയുന്നുണ്ട്. സത്യത്തിൽ അത് കേട്ടപ്പോഴാണ് ഞാൻ ആ പുസ്തകങ്ങൾക്ക് ആമസോൺ വഴി ഓർഡർ കൊടുത്തത്. കാരണം അതിനോടകം തന്നെ ആ ഓട് പാകിയ പഴയ വീടും, മാർമലയുമൊക്കെ എന്റെ ഹൃദയത്തിലെവിടെയോ സ്ഥാനം പിടിച്ചിരുന്നു.

ആനി വള്ളിക്കാപ്പൻ എഴുതിയ ആദ്യ പുസ്തകമാണ് കറന്റ് ബുക്ക്സ് 2011ൽ പ്രസിദ്ധീകരിച്ച കാവൽക്കാരി എന്ന ഈ നോവൽ. കഥാകാരി പറഞ്ഞത് പോലെ തന്നെ 112 പേജുകൾ നീളമുള്ള ഈ പുസ്തകത്തിലെ കഥ പ്രധാനമായും നടക്കുന്നത് മാർമല എന്ന മലയോരനാട്ടിലാണ്. തന്റെ വല്യപ്പച്ചന്റെയും വല്യമ്മച്ചിയുടെയും ഒപ്പം വളരുന്ന ഒരു കുഞ്ഞു പെൺകുട്ടിയുടെ ജീവിതത്തിലെ കാഴ്ചകളാണ് ഇതിൽ മുഴുവൻ. കഥാപാത്രസൃഷ്ടിയിലും കഥാന്തരീക്ഷവിവരണത്തിലും എഴുത്ത് മികച്ചു നിൽക്കുന്നു. എൽസക്കുട്ടിയുടെ മനസ്സിൽ മിന്നിമറയുന്ന സംഘർഷങ്ങളും, മൊട്ടിട്ട് വിരിയുന്ന സ്വപ്നങ്ങളും, കുസൃതി നിറഞ്ഞ ചിന്തകളുമെല്ലാം അനായസകരമായി വിവരിക്കുവാൻ എഴുത്തുകാരിക്ക് സാധിച്ചിട്ടുണ്ട്.. വല്യമ്മച്ചിയോട് പറയാതെ തങ്കച്ചിയോടൊപ്പം തോട്ടിൽ ഇറങ്ങി വാഴയ്ക്കാവരയനെ പിടിക്കാൻ ശ്രമിക്കുന്നതും, കുഞ്ഞിപ്പാലുവിന്റെ സ്വാദിഷ്ടമായ പാചകപരീക്ഷണങ്ങളും,

വല്യമ്മച്ചിയോടൊപ്പമുള്ള കുടുംബപ്രാർത്ഥനയും, മാർമലയെ ചുറ്റിപറ്റിയുള്ള പ്രേതകഥകൾ കേൾക്കുവാൻ ഗോവിന്ദനപ്പൂപ്പന്റെ വാലേൽ തൂങ്ങി നടക്കുന്നതും, കുന്നിൻ മുകളിലുള്ള എൽ.പി സ്കൂളിൽ പഠിക്കാൻ പോകുന്നതും പിന്നെ സുഹൃത്തുക്കളായ സൽമയ്ക്കും തൊമ്മിയ്ക്കുമൊപ്പം കുരുത്തക്കേടുകൾ ഒപ്പിക്കുന്നതുമെല്ലാം വായനക്കാരന്റെ മനസ്സിൽ ഗൃഹാതുരുത്വം സമ്മാനിക്കുന്നുണ്ട്.

ഇടയ്ക്കിടെ ജനോവയിൽ നിന്നും അപ്പൻ അയക്കുന്ന സമ്മാനപൊതികൾക്കും , ഒപ്പമുള്ള സ്നേഹാന്വേഷണങ്ങൾക്കും വേണ്ടി കാത്തിരിക്കുന്ന എൽസ. ഇളം പ്രായത്തിൽ അപ്പന്റെയും അമ്മയുടെയും സ്നേഹസാമീപ്യമില്ലാതെ വളരുന്ന എൽസക്കുട്ടിയുടെ മനസ്സിലെ ചെറുപരിഭവങ്ങൾ ഈ നോവലിലുടനീളം കാണാം. ആദ്യകുർബാന സ്വീകരണവും, അതിനു മുന്നോടിയായുള്ള കുമ്പസാരവുമെല്ലാം വളരെ മനോഹരമായിട്ടാണ് നോവലിൽ വിവരിച്ചിരിക്കുന്നത്. ഭരണങ്ങാനത്തെ ബോർഡിങ് സ്കൂളിലെ ജീവിതം, അവിടുത്തെ പുതിയ സുഹൃത്തുക്കൾ, കന്യാസ്ത്രീമാരുടെ ചിട്ടവട്ടങ്ങൾ, പുതിയ ചുറ്റുപാടുകൾ നൽകുന്ന വീർപ്പുമുട്ടലുകളുമെല്ലാം ഇതിലുണ്ട്. ഒരുപാട് കഥാപാത്രങ്ങളെ ഈ കഥയിലുടനീളം കാണാം. അമ്മയുടെ സ്നേഹം നൽകുന്ന തങ്കച്ചി, കോൺവെന്റിലെ പെണ്ണമ്മചേച്ചി, മാർമലവീട്ടിലെ റീത്താമ്മായിയും ചെറിയച്ചാച്ചനും, അക്കരവീടും അവിടുത്തെ കോശിറൈട്ടരും പിന്നെ പാപ്പൂട്ടിയും..❤️

പല കുടുംബകഥകളിലെയും പോലെ തന്നെ ഇതിലും വീട് ഭാഗംവെക്കലും തുടർന്നുള്ള അസ്വാരസ്യങ്ങളും കുടുംബവഴക്കുകളും കാണാം. പകുതിയ്ക്ക് വെച്ച് നിന്നുപോകുന്ന ബി.എ കോളേജ് പഠിത്തവും, തോട്ടം നോക്കിനടത്തലുമെല്ലാം കഥയെ മറ്റൊരു ദിശയിലേയ്ക്ക് കൊണ്ട് പോകുന്നു. യാദൃശ്ചികമായി അവളുടെ ജീവിതത്തിലേക്ക് കടന്നു വരുന്ന അക്കരവീട്ടിലെ പാപ്പൂട്ടി. അരിശക്കാരനായ പാപ്പൂട്ടിയുടെ വർത്തമാനവും പെരുമാറ്റവും എൽസക്കുട്ടിക്ക് ആദ്യമൊന്നും ഇഷ്ടമാകുന്നില്ല. പിന്നീടെപ്പോഴോ അവർ തമ്മിലുള്ള നീരസങ്ങൾ, സൗഹൃദത്തിലേയ്ക്കും പതിയെ ഒരു പ്രണയത്തിലേയ്ക്കും വഴിമാറുന്നുണ്ട്. വായന അവസാന താളുകളിലേയ്ക്ക് കടക്കുമ്പോൾ എഴുത്തുകാരി വായനക്കാരനെ മറ്റൊരു തലത്തിൽ കൊണ്ടെത്തിക്കുന്നുണ്ട്. പുസ്തകം വായിച്ചു തീരുമ്പോൾ മനസ്സിന്റെ കോണിലെങ്ങോ ഒരു ചെറുനോവ് അവശേഷിപ്പിച്ചു കൊണ്ടാണ് ഈ നോവൽ അവസാനിക്കുന്നത്. സുഖമുള്ള ഒരു ചെറുനോവ്..

അങ്ങിങ്ങായി കണ്ട ചില അക്ഷരത്തെറ്റുകൾ, സുഖകരമായ വായനയ്ക്ക് അല്പം കല്ലുകടി ആകുന്നുണ്ട്. പ്രൂഫ്റീഡിങ് ഒന്നു കൂടി മെച്ചപ്പെടുത്തിയിരുന്നേൽ മാറാവുന്നതേയുള്ളൂ. രണ്ടാം പതിപ്പിലെത്തിയ ഈ പുസ്തകത്തിനു അല്പം കൂടി മെച്ചപ്പെട്ട മാർക്കറ്റിങ്, പബ്ലിഷർ നൽകിയിരുന്നെങ്കിൽ ഒരുപക്ഷെ ഈ പുസ്തകം ഇതിനോടകം തന്നെ പല

പതിപ്പുകൾ പിന്നിട്ടേനെ എന്ന് തോന്നി. അത്ര നല്ല എഴുത്ത്.✍️ മലയാളം ഉപപാഠപുസ്തകത്തിലെ ഒരു കഥ വായിച്ചുതീർത്ത ഫീൽ..
വായനയ്ക്കൊടുവിൽ ഒരു ഫീൽ ഗുഡ് മൂവി കണ്ട പ്രതീതി വായനക്കാരനു ലഭിക്കുന്നുണ്ട്..👍❤️

പ്രസാധകർ: കറന്റ് ബുക്സ്
വില: Rs.125/-